**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് - കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ ഗ്യാരേജ് നിർമ്മാണം - പഞ്ചായത്ത് വാങ്ങിയ 40.47 ആർ പുരയിടം കെ.എസ്.ആർ.ടി.സിക്കു കൈമാറൽ- അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി ) വകുപ്പ്**

സ: ഉ.(സാധാ)നം. 3507/08/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി 26/09/2008

---

പരാമർശം :1. 30.08.2008 ലെ സർക്കാർ ഉത്തരവ് സാധാ നമ്പർ. 3252/08/തസ്വ.ഭ.വ

2. ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിന്റെ 25.09.2008 ലെ I (5)- ാംനമ്പർ തീരുമാനം
3. ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.09.2008 ലെ C2-237/07 നമ്പർ കത്ത്

**ഉത്തരവ്**

ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന്റെ ഭാഗമായി ശാസ്താംകോട്ട വില്ലേജിലെ ബ്ലോക്ക് നമ്പർ 14 ൽ റീ.സർവ്വെ 183/8, 182/11 എന്നിവയിൽപ്പെട്ട് 40.47 ആർ സ്ഥലം ഗ്രാമപഞ്ചായത്ത് പരാമർശം ഒന്ന് പ്രകാരം വിലയ്ക്ക് വാങ്ങിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ടി ഭൂമി കെ.എസ്.ആർ.ടി.സി ക്കു കൈമാറുന്നതിന് പരാമർശം രണ്ട് പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിലേക്ക് അനുമതിക്കായി പരാമർശം മൂന്ന് പ്രകാരം സർക്കാരിലേക്ക് അപേക്ഷിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത കൗൺസിൽ തീരുമാനവും അപേക്ഷയും പരിഗണിച്ച് ശാസ്താംകോട്ട വില്ലേജിലെ ബ്ലോക്ക് നമ്പർ 14 ൽ പെട്ട 40.47 ആർ പുരയിടം കെ.എസ്.ആർ.ടി.സിയ്ക്കു കൈമാറുന്നതിന് ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**റ്റി. ശ്യാമളകുമാരി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
ജില്ലാകളക്ടർ, കൊല്ലം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**